**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4017** **28-06-2024 - ൽ മറുപടിയ്ക്ക്**

**ചികിത്സാധനസഹായത്തിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സൗജന്യ ചികിത്സയും ചികിത്സാധനസഹായവും നൽകുന്ന എത്ര സർക്കാർ പദ്ധതികളാണുള്ളത്; നിലവിൽ രോഗികൾക്കും ചികിത്സ നൽകിയ ആശുപത്രികൾക്കും കുടിശിക തുക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെ പേരും കുടിശികയുടെ വിശദാംശവും പണം ലഭിക്കാനുള്ള ആശുപത്രികൾ ഏതാണെന്നും വ്യക്തമാക്കുമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരണം, കാരുണ്യ ബെനവലന്റ് ഫണ്ട്, ഹൃദ്യം, JSSK, ആർ.ബി.എസ്.കെ, ശ്രുതി തരംഗം എന്നീ പദ്ധതികൾ മുഖേന സൗജന്യ ചികിത്സ നൽകി വരുന്നുണ്ട് .<br><br>ഓരോ പദ്ധതിയുടെ പേരും കുടിശ്ശികയുടെ വിശദാംശവും ചുവടെ ചേർക്കുന്നു<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി-1255 കോടി<br><br>ആരോഗ്യ കിരണം പദ്ധതി-3 .99 കോടി<br><br>കാരുണ്യ ബെനവലന്റ് ഫണ്ട്- 217.68കോടി<br><br>ഹൃദ്യം -10.38 കോടി<br><br>JSSK -34.87 കോടി<br><br>ആർ.ബി.എസ്.കെ -10.12 കോടി |
| (ബി) | കേന്ദ്രസർക്കാർ വിഹിതം ലഭിക്കാത്തതിനാൽ കുടിശിക ആയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ വിഹിതം കൈമാറാനുള്ളതെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ 2023 -2024 സാമ്പത്തിക വർഷം 637കോടി രൂപയുടെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പദ്ധതികളാണ് കുടിശ്ശികയായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ